ഹിപ്പിക്കുക, രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം ക്രമേണ നിർത്തലാക്കുക, മുപ്പത് ശതമാനത്തിൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങളിൽ ദീർഘകാലവിളകൾ പ്രോത്സാഹിപ്പിക്കുക, പ്രാദേശിക ജൈവവൈവിധ്യം നിലനിർത്തുക, തദ്ദേശീയ ജനുസ്സുകളായ കന്നുകാലികളെ വളർത്താൻ പ്രോത്സാഹിപ്പിക്കുക, രാസവളങ്ങൾക്കുള്ള സബ്സിഡി ജൈവകൃഷിക്കായി മാറ്റുക എന്നീ നിർദ്ദേശങ്ങളും നടപ്പിൽ വരുത്തേണ്ടതാണെന്ന് യോഗങ്ങൾ അഭിപ്രായപ്പെട്ടു. ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടുന്ന കർഷകർക്ക് പ്രത്യേകം ആനുകൂല്യം നൽകണമെന്ന നിർദ്ദേശത്തെ ഗ്രാമസഭകൾ സ്വാഗതം ചെയ്തു.

നിലവിലെ റിസർവ്വ് വനങ്ങളിലെ ഏകവിളത്തോട്ടങ്ങളായ തേക്ക്, യൂക്കാലി എന്നിവ വെട്ടിമാറ്റി സ്വാഭാവികവനം വച്ചുപിടിപ്പിക്കുക, വനങ്ങളിൽ കള-കീടനാശിനികൾ തളിക്കുന്നത് തടയുക, വൻകിട ജലവൈദ്യുത പദ്ധതികൾ ഒഴിവാക്കുക, ക്വാറികൾക്കും മണലെടുക്കുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തുക, ഫാക്ടറികളിലും മറ്റുമുള്ള വാണിജ്യാടിസ്ഥാനത്തിലുള്ള വിറകുപയോഗം തടയുക, പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യങ്ങൾ തള്ളുന്നതും ഒഴുക്കുന്നതും കർശനമായി തടയുക എന്നീ നിർദ്ദേശങ്ങളും ഗ്രാമസഭകൾ അംഗീകരിച്ചു. എന്നാൽ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി സംവേദക മേഖലകളിൽ രാത്രി ഗതാഗതം നിയന്ത്രിക്കുക, റോഡുകൾ വീതികൂട്ടുന്നതും പുതിയ റോഡുകൾ നിർമ്മിക്കുന്നതും നിയന്ത്രിക്കുക എന്നീ നിർദ്ദേശങ്ങളോട് ഗ്രാമസഭകൾ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

ഗാഡ്ഗിൽ റിപ്പോർട്ടിലെ ഭൂരിഭാഗം നിർദ്ദേശങ്ങളും പരിസ്ഥിതി സംരക്ഷണത്തിന് അത്യന്താപേക്ഷിതമാണെന്ന് ഗ്രാമസഭകൾ വിലയിരുത്തി. ഗ്രാമസഭകളിൽ പഞ്ചായത്ത് പ്രസിഡന്റ് കെ.ബി. നസീമ അദ്ധ്യക്ഷയായിരുന്നു. ആയതിനാൽ ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി തീരുമാനമായി അംഗീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ അപേക്ഷിക്കുന്നു. പരിസ്ഥിതിയുടെയും അതിലൂടെ വരും തലമുറയുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമായതിനാൽ ഈ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാറിന് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു. മുഴുവൻ പഞ്ചായത്തംഗങ്ങളുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്.

**അവതാരകൻ: ഹുസൈൻ, ഗ്രാമപഞ്ചായത്ത് അംഗം**
**അനുമോദകൻ: ഷംസുദ്ദീൻ, ഗ്രാമപഞ്ചായത്ത് അംഗം**

## പരിസ്ഥിതി സംരക്ഷണ ഗ്രാമസഭകളിൽ വിളിച്ചുചേർക്കുന്നതിനായി പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് വിതരണം ചെയ്ത നോട്ടീസ്

**കേരളത്തിൽ** ഏറ്റവും കൂടുതൽ മഴ ലഭിച്ചുകൊണ്ടിരിക്കുന്ന ജില്ലയായിരുന്നു വയനാട്. മറ്റു പ്രദേശങ്ങളിൽ നിന്നും നമ്മുടെ ജില്ലയെ വ്യത്യസ്തമാക്കുന്നത് ജലസുഭിക്ഷതയും ഹരിതഭംഗിയുമായിരുന്നു. എന്നാൽ ഇന്ന് മറ്റ് പ്രദേശങ്ങളെപ്പോലെ തന്നെ ചൂടിന്റെ കാഠിന്യം കൂടിവരുന്നു. ആറുമാസം കിനിഞ്ഞു പെയ്യുന്ന മഴയുണ്ടായിരുന്ന വയനാട്ടിൽ പോലും മഴ കുറഞ്ഞു. കിണറുകളും കൈത്തോടുകളും പുഴകളും വറ്റി വരണ്ടു. കുടിക്കാൻ വെള്ളത്തിന് വേണ്ടി പൈപ്പുകളെയോ ടാങ്കർ ലോറികളെയോ ആശ്രയിക്കേണ്ടിവന്നിരിക്കുന്നു. കഴിഞ്ഞ ഏതാനും വർഷം മുമ്പുവരെ കുറേശ്ശെയെങ്കിലും ഒഴുകിയിരുന്ന പുഴകൾ തീർത്തും വറ്റയിരിക്കുന്നു. ജലക്ഷാമം നിമിത്തം കിണറുകളുടെ ആഴം കൂട്ടുന്നതിന് നൂറിലധികം നിർദ്ദേശങ്ങളാണ് പടിഞ്ഞറെത്തറ ഗ്രാമപഞ്ചായത്തിന് ഈ വർഷം ലഭിച്ചത്. കൃഷിയും പരാജയത്തിന്റെ വക്കിലെത്തി നിൽക്കുന്നു. പ്രകൃതിയോടും കാലാവസ്ഥയോടും ഇണങ്ങാത്ത കൃഷിരീതികൾ, അമിതമായ രാസ-കീടനാശിനി പ്രയോഗം കാരണം മണ്ണിന്റെ സ്വാഭാവികത നഷ്ടപ്പെട്ടിരിക്കുന്നു. പ്രകൃതിയോട് മത്സരിച്ച് നമുക്ക് ജീവിക്കാനാവില്ല. കാർഷിക മേഖലയിലും നമുക്ക് പ്രകൃതിയോട് ഇണങ്ങാൻ കഴിയണം. ലാഭം മാത്രം ലക്ഷ്യമാക്കി പുതിയ വിത്തുകളും വളങ്ങളും കൃഷികളും നാം ഏറ്റെടുത്തപ്പോൾ നമുക്ക് നഷ്ടമായത് തനതായ നമ്മുടെ വിത്തുകളും കൃഷിരീതികളുമാണ്.

വയനാട്ടിൽ ആരംഭിച്ച രണ്ട് വൻകിട ജലവൈദ്യുത പദ്ധതികൾ കൊണ്ട് വയനാടിന് എന്ത് നേട്ടമുണ്ടായി? കൃഷിക്ക് നൽകാമെന്നേറ്റിരുന്ന വെള്ളം നമുക്ക് കിട്ടുന്നില്ല. നാട്ടിലൂടെ കുറേ കോൺക്രീറ്റ് കനാലുകളും അതിനുവേണ്ടി ചിലവഴിച്ച കോടികളും നഷ്ടമെന്ന് നാമറിയണം. പടിഞ്ഞാറെത്തറ പഞ്ചായത്തിലെ വാരാമ്പറ്റ-പുതുശ്ശേരി പുഴയുടെ സ്വാഭാവിക ഒഴുക്ക് ഇതുമൂലം നിലച്ചിരിക്കുന്നു. ഈ പുഴയുടെ സജീവത നിലനിർത്താൻ ശക്തമായ ജനകീയ ഇടപെടൽ ആവശ്യമായി വന്നിരിക്കുന്നു. കിണറുകളിലെയും ജലാശയങ്ങളിലെയും ജലനിരപ്പ് താഴുന്നത് തണ്ണീർത്തടങ്ങൾ മൂടുന്നതുകൊണ്ടും വയലുകൾ നികത്തുന്നതുകൊണ്ടുമാണെന്ന് നാം മനസ്സിലാക്കണം.

എന്നാൽ വയനാടും കേരളവും ഉൾപ്പെടുന്ന പ്രദേശമായ പശ്ചിമഘട്ട മലനിരകൾ ഇന്നും പ്രതീക്ഷയ്ക്ക് വക നൽകുന്നു. ഇതുംകൂടെ പൂർണ്ണ നാശത്തിലേക്കെത്തുന്നത് തടയാൻ കേന്ദ്ര സർക്കാറിന്റെ നിർദ്ദേശപ്രകാരം പ്രൊഫ. മാധവ് ഗാഡ്ഗിൽ തയ്യാറാക്കിയ പശ്ചിമഘട്ട സംരക്ഷണ റിപ്പോർട്ട് ചർച്ച ചെയ്യുന്നതിന് വേണ്ടിയാണ് പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത് ഈ ഗ്രാമസഭകൾ വിളിച്ചുചേർത്തിരിക്കുന്നത്. ഒരു തുറന്ന ചർച്ചയ്ക്ക് മുഴുവൻ ഗ്രാമസഭാംഗങ്ങളെയും സ്വാഗതം ചെയ്യുന്നു. നമ്മുടെ ഗ്രാമത്തെയും നാടിനെയും ബാധിച്ചിരിക്കുന്ന രൂക്ഷമായ പ്രകൃതിനാശത്തെക്കുറിച്ച് ഇതിന്റെ പ്രതിവിധികളെക്കുറിച്ച് ഒരു തുറന്ന ചർച്ച.